

**കരച്ചിലല്ല കൈയടിയാണ്**

എസ്.എം.വി സ്കൂളിൽ നടന്ന പാഠപുസ്തക വിതരണ ചടങ്ങിൽ തങ്ങളുടെ കൂട്ടുകാർക്ക് മന്ത്രി ബുക്ക് വിതരണം ചെയ്യുമ്പോൾ ആർപ്പുവിളിച്ചും കൈയടിച്ചും പ്രോത്സാഹിപ്പിക്കുന്ന കുട്ടികൾ ഫോട്ടോ: ജിതേഷ് ദാമോദർ


e-mail: city@kaumudi.com

സിറ്റി കൗമുദി

2012 ഫെബ്രുവരി 16 വ്യാഴം


നഗരം ഇന്ന്

ഉദയം: രാവിലെ 6.40ന്
അസ്തമയം: വൈകിട്ട് 6.32ന്

ആകാശം ഭാഗികമായി മേഘാവൃതമായിരിക്കും

# 'കളക്ടർ ഹാജരുണ്ട് ചാർജെടുക്കാൻ'

## തിരുവനന്തപുരം ജില്ലാ കളക്ടറായി ചുമതലയേറ്റ ശേഷം കെ.എൻ. സതീഷ്കുമാർ നേരിട്ട രസകരമായൊരു അനുഭവം

**എ.സി. റെജി**

"പുതിയ കളക്ടറായി ചാർജെടുക്കാൻ വന്നതാണ്. താങ്കൾ ആ കസേരയിൽ നിന്നൊഴിഞ്ഞുതന്നാൽ എനിക്ക് ചുമതല ഏറ്റെടുക്കാമായിരുന്നു. തല



കെ.എൻ. സതീഷ്കുമാർ

സ്ഥാനത്ത് എനിക്ക് കുറച്ച് കാര്യങ്ങൾ ചെയ്യാനുണ്ട്."

ജില്ലാ കളക്ടറുടെ ഓഫീസ് മുറിയിലേക്ക് കടന്നുവന്ന സുമുഖയും സുശീലയുമായ ആ സ്ത്രീ തികഞ്ഞ ഗൗരവത്തോടെ തന്നോടിങ്ങനെ പറഞ്ഞപ്പോൾ ഒരു നിമിഷം കളക്ടർ കെ.എൻ. സതീഷ്കുമാർ ഒന്നമ്പരന്നു. കാഴ്ചയിൽ ഒരു കളക്ടറുടെ മട്ടുംഭാവവുമൊക്കെയുണ്ടായിരുന്നു. അതുകൊണ്ട് തന്നെ അദ്ദേഹം സംശയത്തോടെ ചോദിച്ചു, മാഡം എവിടെ ചാർജെടുക്കാനാ വന്നത്? "ഇവിടെ ജില്ലാ കളക്ടറായിട്ട്". "വ്യക്തമായി ആവർത്തിച്ചപ്പോഴാണ് സംഗതി ഇത്തിരി കുഴപ്പമുള്ള കേസാണെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായത്. അവരെ അനുനയിപ്പിച്ച് മടക്കി അയയ്ക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടിവന്നു.

ജില്ലാകളക്ടറായി തിരുവനന്തപുരത്ത് ചുമതല ഏറ്റെടുത്തശേഷം നേരിടേണ്ടിവന്ന രസകരമായ അനുഭവങ്ങൾ വിവരിക്കവേയാണ് തന്നെപ്പോലും ഒഴിപ്പിക്കാനെത്തിയ ആ മദ്ധ്യവയസ്കയുടെ കഥ കളക്ടർ വിവരിച്ചത്. താൻ ഒഴിഞ്ഞുകൊടുത്തില്ലെങ്കിൽ അവർ ഓഫീസ് വിട്ടുപോകില്ലെന്നുറപ്പായപ്പോൾ പ്രയോഗിച്ച അടവ് തൊട്ടടുത്ത ജില്ലയായ കൊല്ലത്തെ കളക്ടർക്ക് പാരയാവുകയും ചെയ്തു.

കളക്ടറായി ചുമതല ഏറ്റെടുക്കാൻ ഉറപ്പിച്ചാണ് ഡോ. വസുമതി (യഥാർത്ഥ പേരല്ല) എത്തിയതെന്ന് സംസാരത്തിൽനിന്ന് വ്യക്തമായിരുന്നു.

"കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിന്റെ അവസാന നാളുകളിൽ തിരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നതിന് അല്പം മുമ്പാണ് തന്റെ നിയമനം ഗവൺമെന്റ് അംഗീകരിച്ചത്. വിജ്ഞാപനം വന്നതിനാൽ അന്ന് ജോയിൻ ചെയ്യാനായില്ല. ഇപ്പോൾ അതെല്ലാം കഴിഞ്ഞല്ലോ. നല്ല ദിവസം നോക്കി ചാർജെടുക്കാം എന്നുകരുതിയാണ് വന്നത്. ചാർജെടുക്കാൻ വൈകിയതിനുള്ള വിശദീകരണവും ഡോ. വസുമതി നൽകി.



പ്രിയദർശന്റെ കിലുക്കത്തിൽ മോഹൻലാൽ രേവതിയോട് ചോദിച്ച അതേ ഡയലോഗ് ചോദിക്കണമെന്ന് കളക്ടർക്ക് തോന്നിയെങ്കിലും അല്പം മയപ്പെടുത്തി ചോദിച്ചു. മാഡത്തിന് വല്ല അസുഖവുമുണ്ടോ? ഉടൻ മറുചോദ്യം വന്നു. അസുഖമുള്ളതുകൊണ്ടാണോ താങ്കളെ കളക്ടറാക്കിയത്?

സംഗതി പന്തികേടാവുമെന്ന് കണ്ടപ്പോൾ കളക്ടർ ഒരു അടവ് പ്രയോഗിച്ചു.

മാഡം എനിക്കെന്തായാലും ഒഴിയാൻ പറ്റില്ല. കാരണം കാസർകോടുനിന്ന് ഇങ്ങോട്ടുവന്നതേയുള്ളൂ. മാഡം ഒരു കാര്യം ചെയ്യ്, കൊല്ലത്ത് ഒഴിവുണ്ടെന്ന് തോന്നുന്നു. അവിടെ തിരക്കി നോക്കിയാലും.

എന്തോ ദയവ് തോന്നിയിട്ടാവണം എന്നാൽ ശരിയെന്ന് പറഞ്ഞ് അവർ സ്ഥലം കാലിയാക്കി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ സതീഷ്കുമാറിനെത്തേടി കൊല്ലം കളക്ടറുടെ ഫോൺ എത്തി. "കൊള്ളാമല്ലോ കളക്ടറാവാനായി നടക്കുന്ന ഓരോ കുരിശുകളെ ഇങ്ങോട്ട് പറഞ്ഞുവിടുകയാണല്ലേ?"

തനിക്ക് പറ്റിയ അനുഭവം അദ്ദേഹം വിവരിച്ചപ്പോൾ കൊല്ലം കളക്ടർക്കും ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ലെന്ന് സതീഷ് പറഞ്ഞു.

തന്നോട് യാത്ര പറഞ്ഞിറങ്ങിയ മാന്യവനിത നേരെ കൊല്ലത്തേക്ക് വച്ചുപിടിക്കുമെന്ന് സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. ഇതുപോലെ കളക്ടറേറ്റിന്റെ വാടക വേണമെന്ന് പറഞ്ഞ് പതിവായി വരുന്ന ഒരു സ്ത്രീയുടെ കഥയും അദ്ദേഹം പറഞ്ഞു. സർക്കാർ കെട്ടിടമാണെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ വയലന്റായ അവരെ പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലാക്കി. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അസുഖം ഭേദമായ അവർ അവിടെ മറ്റുള്ളവരെ ഭരിച്ച് നടപ്പാണെന്ന് സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

# ക്രൈം കേസിലെ പുരോഗതി ഇനി വെബ്സൈറ്റിലൂടെ അറിയാം

**രാജ്**

തിരുവനന്തപുരം: ക്രൈം കേസായി രജിസ്റ്റർ ചെയ്യുന്ന പരാതികളുടെ പുരോഗതി പൊലീസ് വെബ്സൈറ്റിലൂടെ പരാതിക്കാരന് അറിയാനുള്ള സംവിധാനം ഒരുങ്ങുന്നു.

ഇതിനുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പനയിലാണെന്നും ഉടൻ ഈ സംവിധാനം നടപ്പിലാക്കുമെന്നും തിരുവനന്തപുരം റെയ്ഞ്ച് ഐ.ജി ഡോ.ഷെയ്ഖ് ദർവേഷ് സാഹിബ് സിറ്റികൗമുദിയോട് പറഞ്ഞു. ഡി.ജി.പി മുൻകൈയെടുത്താണ് ഈ പദ്ധതി തയ്യാറാക്കുന്നത്. ഗവൺമെന്റിന്റെ അനുമതിയോടെ എത്രയും വേഗം പ്രാവർത്തികമാക്കാനാണ് ആലോചിക്കുന്നത്.

ആദ്യഘട്ടമെന്ന നിലയിൽ ക്രൈം കേസുകൾ മാത്രമാണ് പരിഗണിക്കുന്നത്. ഈ വർഷം രജിസ്റ്റർ ചെയ്ത കേസുകളായിരിക്കും ഇതിൽ വരിക. പദ്ധതി വിജയമാവുകയാണെങ്കിൽ മറ്റു മേഖലകളിലേക്കും വ്യാപിപ്പിക്കും.

പൊലീസ് സ്റ്റേഷനിൽ പരാതിയുമായെത്തുന്നവർക്ക് അതിന്റെ പുരോഗതി അറിയാൻ ന്യായമായും അവകാശമുണ്ട്. ഇപ്പോൾ അതിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. അതുകൊണ്ടാണ് ഈ സംവിധാനം നടപ്പിൽ വരുത്തുന്നത്.

**ആദ്യഘട്ടമെന്ന നിലയിൽ ക്രൈം കേസുകൾ മാത്രമാണ് പരിഗണിക്കുന്നത്. ഈ വർഷം രജിസ്റ്റർ ചെയ്ത കേസുകളായിരിക്കും ഇതിൽ വരിക**

## ട്രാഫിക് നിയമം ലംഘിക്കുന്നവർ വീഡിയോ കാമറയിൽ കുടുങ്ങും

ട്രാഫിക് നിയമം ലംഘിക്കുന്നവരെ ഡിജിറ്റൽ കാമറയിൽ ഷൂട്ട് ചെയ്ത് നോട്ടീസ് അയയ്ക്കാനുള്ള സംവിധാനം നഗരത്തിൽ ഏർപ്പെടുത്തിയതായി ദർവേഷ് സാഹിബ് പറഞ്ഞു. വാഹന പരിശോധനയ്ക്കിടയിലെ തർക്കം ഒഴിവാക്കാനാണിത്. നിലവിൽ നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള കാമറകൾക്കു പുറമേയാണിത്. നഗരത്തിലെ പ്രധാന സ്ഥലങ്ങളിൽ കാമറയുമായി പൊലീസുകാർ ഇതിനായി ഉണ്ടാകും. നോട്ടീസ് വീട്ടിൽ കിട്ടുമ്പോഴേ ട്രാഫിക് നിയമം ലംഘിച്ചവർ അതറിയുകയുള്ളൂ.

## വിളപ്പിൽശാലയ്ക്കു പരിഹാരം ഇവിടെ ചോദിക്കാം

ആന്ധ്രപ്രദേശിലെ പ്രശസ്തമായ കടപ്പാജില്ലയിലെ പോരുമാമില്ള എന്ന ഗ്രാമത്തിൽ നിന്നാണ് ഷെയ്ഖ് ദർവേഷ് സാഹിബ് എന്ന ഐ.പി.എസ് ഓഫീസർ വരുന്നത്.

വനംവകുപ്പിൽ ഉദ്യോഗസ്ഥനായിരുന്ന മെഹബൂബ് പീരാൻ സാഹിബന്റെയും ഗൗസുന്നിസയുടെയും ആറുമക്കളിൽ മൂത്തയാൾ. പ്ലസ്ടു കഴിഞ്ഞ് തിരുപ്പതിയിലെ ആന്ധ്രപ്രദേശ് കാർഷിക യൂണിവേഴ്സിറ്റിയിൽ(ഇപ്പോഴത്തെ പേര് ആചാര്യ എൻ.ജി രംഗ കാർഷിക സർവകലാശാല) നിന്ന് ബി.എസ് സി അഗ്രികൾച്ചറും എം.എസ് സി അഗ്രികൾച്ചറും മെരിറ്റിൽ പാസായി. തുടർന്ന് ഡൽഹിയിലെ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പിഎച്ച്.ഡി റിസർച്ചിനു ചേർന്നു. റിന്യൂവബിൾ സോഴ്സ് ഒഫ് ബയോ എനർജിയായിരുന്നു വിഷയം(വിളപ്പിൽശാലയ്ക്കു പരിഹാരം ചോദിച്ചാൽ ഇവിടെ മറുപടിയുണ്ട്). തിസീസ് സമർപ്പിച്ച വേളയിലാണ് സിവിൽ സർവീസ് എഴുതി ഐ.പി.എസ് നേടുന്നത്. സർവീസിൽ ചേർന്നപ്പോൾ ഡോക്ടറേറ്റും കൈയിൽ വന്നു. 1990 ബാച്ച്. പരിശീലനം കഴിഞ്ഞ് നെടുമങ്ങാട് എ.എസ്.പി ആയിട്ടാണ് ആദ്യ നിയമനം. കൊച്ചിയിൽ കമ്മിഷണറായിരുന്നു. ഇടയ്ക്ക് ആറുവർഷം ഹൈദരാബാദിലെ പൊലീസ് അക്കാഡമിയിൽ പ്രവർത്തിച്ചു. ഒരു മാസം മുമ്പാണ് തിരുവനന്തപുരം റെയ്ഞ്ച് ഐ.ജിയായി ചുമതലയേറ്റത്.

അഗ്രികൾച്ചറിൽ ഉന്നത വിദ്യാഭ്യാസം ഉള്ളതിനാൽ വിദേശത്തു നിന്ന് അവസരങ്ങൾ വന്നിരുന്നു. ഇന്ത്യയിൽ തന്നെ പ്രവർത്തിക്കാനായിരുന്നു താത്പര്യം. മുത്തച്ഛന്റെ ഓർമ്മയ്ക്കാണ് ഷെയ്ഖ് ദർവേഷ് എന്ന പേരിട്ടത്.

നന്നായി വായിക്കും. പഠിക്കാനുള്ള മിടുക്കു കൊണ്ടാകാം പച്ചവെള്ളം പോലെ മലയാളം സംസാരിക്കും. പൊലീസിൽ ജോലി ചെയ്യുന്നത് സേവനത്തിനാണെന്നാണ് അഭിപ്രായം. പൊലീസിന്റെ അടിസ്ഥാനപരമായ സർവ്വീസ് ഇതിലും മെച്ചപ്പെടുത്തണമെന്നു വിശ്വസിക്കുന്നു. ഇപ്പോഴത്തെ മാലിന്യപ്രശ്നം ഉണ്ടെങ്കിലും ഇന്ത്യയിലെ ഏറ്റവും മികച്ച ശുചിത്വ സംസ്ഥാനം കേരളമാണെന്നാണ് അഭിപ്രായം. ഭാര്യയും ഒരു മകളും മകനുമുണ്ട്. ജന്റിൽമാനാണ്. പബ്ലിസിറ്റിയിൽ തീരെ തത്പരനല്ല.



ഡോ.ഷെയ്ഖ് ദർവേഷ് സാഹിബ്



**ഒരു ബെഞ്ച് കിട്ടിയാൽ കൊള്ളാം:** ഹൈക്കോടതി ബെഞ്ച് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് അഭിഭാഷകർ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ കൗതുകത്തിന് പങ്കെടുത്ത സ്ത്രീ (ഇടത്തേയറ്റം) പൗളിൻ എന്നു പേരുള്ള ഇവർ വഞ്ചിയൂർ കോടതി പരിസരത്തെ വസ്ത്ര വില്പനക്കാരിയാണ്. ഫോട്ടോ: ജിതേഷ് ദാമോദർ



**ജീവിക്കാൻ വേണ്ടി ഈ നിരാഹാരം:** സർവേയർമാരെ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിക്കണമെന്ന് ആവശ്യപ്പെട്ട് സർവേയർ റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിവരുന്ന നിരാഹാര സമരത്തിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥി

# കരിക്കകം ദുരന്തത്തിന് നാളെ ഒരാണ്ട്

# വാഗ്ദാനങ്ങൾ ജലരേഖകളായി

**കോവളം സതീഷ്കുമാർ**

തിരുവനന്തപുരം: മാലിന്യം നിറഞ്ഞ പാർവതി പുത്തനാറിന്റെ ആഴങ്ങളിൽ ആറു പിഞ്ചു കുഞ്ഞുങ്ങളുടെയും അവരുടെ ആയയുടെയും ജീവൻ ഒടുങ്ങിയിട്ട് നാളെ ഒരാണ്ടാകും. ഇനി ഒരു ദുരന്തം ആവർത്തിക്കാതിരിക്കാൻ സർക്കാർ ചില പ്രഖ്യാപനങ്ങളൊക്കെ നടത്തി.

ആറിനും റോഡിനുമിടയ്ക്ക് സംരക്ഷണ ഭിത്തി കെട്ടും, പായലുകൾ വാരിമാറ്റും, പുത്തനാർ ശുചീകരിക്കും.. ഇതൊക്കെയായിരുന്നു പ്രഖ്യാപനങ്ങൾ. ഇതിനായി ഒന്നേകാൽ കോടി രൂപ സർക്കാർ അനുവദിച്ചു. ഇതിൽ 65 ലക്ഷം രൂപ സംരക്ഷണ ഭിത്തി നിർമ്മിക്കാനായിരുന്നു. ഇതൊക്കെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നേരിട്ടെത്തി കരിക്കകം നിവാസികളോട് പറയുകയും ചെയ്തു.

എന്നിട്ട് എന്തു സംഭവിച്ചു? ഒരു പിടി പായൽ പോലും ദുരന്തം നടന്ന കരിക്കകം ഭാഗത്തു നിന്നു നീക്കിയില്ല. പായൽ കൂടുതൽ തഴച്ചു വളർന്നു കിടക്കുന്നു. ദുരന്തം ഉണ്ടായ നാളിൽ രക്ഷാ പ്രവർത്തനത്തിന് പ്രധാന തടസ്സമായത് പായലായിരുന്നു. കുഞ്ഞുങ്ങളെ രക്ഷിക്കാനായി ആറ്റിലേക്ക് എടുത്തു ചാടിയവർക്ക് പായൽ തടസ്സമായിരുന്നു.

വാഴവിള മുതൽ ചാക്ക വരെ സംരക്ഷണ ഭിത്തി കെട്ടുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിരിക്കുന്ന രീതി കണ്ടാൽ അറിയാം പിഞ്ചു കുഞ്ഞുങ്ങളുടെ ജീവന് അധികാരികൾ എത്രത്തോളം പ്രധാന്യം നൽകിയിട്ടുണ്ടെന്ന്. രണ്ടടി ഉയരമുള്ള ഒരു തരം കാട്ടിക്കൂട്ടലാണ് അവിടെയുള്ളത്. അതു തന്നെ പൂർണ്ണമല്ല.

ഊക്കോടെ തട്ടിയാൽ ഈ 'സംരക്ഷണ' ഭിത്തി ഇടിഞ്ഞ് പാർവതി പുത്തനാറിൽ കിടക്കും. ആറിന്റെ വശത്ത് നേരത്തേ ഉണ്ടായിരുന്ന കാലപ്പഴക്കമുള്ള കരിങ്കൽ കെട്ടിനു പുറത്താണ് പുതിയതായി ഭിത്തി പിടിപ്പിച്ചിരിക്കുന്നത്. 'ബലം' ഊഹിക്കാവുന്നതേയുള്ളൂ.

ഏറ്റവും കൂടുതൽ അപകടം നടന്നിട്ടുള്ള റെയിൽവേ പാലത്തിനടിയിലുള്ള ഭാഗം ഒഴിവാക്കിയാണ് ഭിത്തി നിർമ്മിച്ചിരിക്കുന്നത്. ഒരു കുഴിയും വളവും ഒത്തു ചേരുന്ന ഈ ഭാഗത്ത് ഒരു പൊലിസ് ജീപ്പ് ഉൾപ്പെടെ നിരവധി വാഹനങ്ങൾ ആറിൽ വീണ് അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ഭാഗത്തു ഭിത്തി നിർമ്മിക്കാത്തതിന് എന്തു ന്യായീകരണമാണ് അധികാരികൾക്ക് പറയാനുള്ളത്? ഉടൻ തന്നെ ശേഷിക്കുന്ന ഭാഗത്തു കൂടി ഭിത്തി പണിയുമെന്ന് പറഞ്ഞ് മുങ്ങിയ കരാറുകാരനെ പിന്നെ ആ വഴി കണ്ടിട്ടില്ലെന്നാണ് സമീപവാസികൾ പറയുന്നത്.



പാർവതി പുത്തനാറിന്റെ കരയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാത്ത വഴിയിലൂടെ കടന്നുവരുന്ന സ്കൂൾ വാൻ

## കുരുന്നുകളുടെ ഓർമ്മയ്ക്കായി സ്മൃതി മണ്ഡപം ഉയരുന്നു

തിരുവനന്തപുരം: കരിക്കകം ദുരന്തത്തിൽ പൊലിഞ്ഞു പോയ കുട്ടിക്കുരുന്നുകളായ ആറു പൊന്നോമനകളുടെ ഓർമ്മയ്ക്കായി ദുരന്തം നടന്ന ആറിനു കരയിൽ ഒരു സ്മൃതി മണ്ഡപം ഉയരുകയാണ്. ബാലോഗോകുലം കരിക്കകം ശാഖയാണ് സ്മൃതി മണ്ഡപം നിർമ്മിക്കുന്നത്.

മണ്ഡപത്തിൽ ദുരന്തത്തിൽ പൊലിഞ്ഞു പോയ കുട്ടികളുടെയും ആയയുടെയും പേരുകൾ മാർബിളിൽ ആലേഖനം ചെയ്തു വയ്ക്കും. നാളെ കരിക്കകത്ത് നടക്കുന്ന ശ്രദ്ധാഞ്ജലി ചടങ്ങിൽ സ്മൃതി മണ്ഡപം സമർപ്പിക്കും. ബി.ജെ.പി ദേശീയ കൗൺസിൽ അംഗം പി.കെ. കൃഷ്ണദാസ്, നടി മേനക തുടങ്ങിയവർ സംബന്ധിക്കും.



ആർഷ | ജിനാൻ ഹസിമുദ്ദീൻ | റാസിക് | മാളവിക | ഉജ്ജ്വൽ | അച്ചു

# കരിക്കകം ഇപ്പോഴും കണ്ണീർക്കടലിൽ

തിരുവനന്തപുരം: അതൊരു വ്യാഴാഴ്ചയായിരുന്നു. പാർവതിപുത്തനാറിന്റെ ആഴങ്ങളിൽ ആറു കുരുന്നു ജീവനുകൾ അസ്തമിച്ച ശപിക്കപ്പെട്ട ദിവസം. രാവിലെ കുസൃതിച്ചിരിയോടെ വീട്ടിലുള്ളവർക്കൊക്കെ ഉമ്മ നൽകി ടാറ്റാ പറഞ്ഞിറങ്ങിയ പിഞ്ചോമനകൾ... സ്കൂൾ വാനിന്റെ രൂപത്തിൽ എത്തിയ കാലൻ അവരെ മരണത്തിലേക്ക് എടുത്തെറിയുകയായിരുന്നു.

നാടിനെ മുഴുവൻ കണ്ണീരിലാഴ്ത്തിയ ദുരന്തത്തിന് നാളെ ഒരു വയസ്സാകുമ്പോഴും. കരിക്കകത്തുകാരുടെ മനസ്സിലിപ്പോഴും ദുരന്തത്തിന്റെ ഫ്രെയിമുകളുണ്ട്. ദുരന്തം ഊതിക്കെടുത്തിയ ജീവനുകളുടെ ഉറ്റവരുടെ കണ്ണുകൾ ഇതുവരെ വറ്റിയിട്ടില്ല. അവരുടെ മനസ്സുകളിലേക്ക് പൊന്നോമനകളുടെ വളകിലുക്കം പോലുള്ള കിന്നാരങ്ങളും കുണുങ്ങിക്കുണുങ്ങിയുള്ള ചിരിയും ഇപ്പോഴും കടന്നു വരുന്നു.

പേട്ട ലിറ്റിൽ ഹാർട്ട്സ് കിന്റർ ഗാർട്ടൻ സ്കൂളിലെ എൽ.കെ.ജി, യു.കെ.ജി വിദ്യാർത്ഥികൾ ആർഷ, അച്ചു, റാസിക്, ഉജ്ജ്വൽ, മാളവിക, ജിനാൻ ഹസിമുദ്ദീൻ ഒരേ നാട്ടുകാർ... മരണത്തിൽ ഒപ്പം കൂടി ഇവരുടെ പ്രിയപ്പെട്ട ആയ ബിന്ദുവും...

" ഉപ്പാ.. സ്കൂളീന്ന് വരുമ്പോൾ



മിഠായിയും റെഡ് കാറും വാങ്ങി വയ്ക്കണേ..." എന്ന പതിവു ശുപാർശയും ഒപ്പം ഒരുമ്മയും നൽകിയാണ് ജിനാൻ ഹസിമുദ്ദീൻ സ്കൂൾ വാനിൽ കയറിയത്. പക്ഷേ തൊട്ടു പിന്നാലെ സ്കൂൾ വാൻ കരിക്കകത്ത് ആറ്റിൽ വീണെന്ന വാർത്തയാണ് ജിനാന്റെ ഉപ്പ കമാലുദ്ദിനെ തേടി എത്തിയത്.

"ഞാൻ ഓടിയെത്തിയപ്പോൾ മോനെ കിംസിൽ കൊണ്ടു പോയിരുന്നു. അവിടെ ചെന്നപ്പോൾ പൊലീസു പറഞ്ഞത് ജിനാനെ ട്രിപ്പ് നൽകി കിടത്തിയിരിക്കുകയാണെന്ന്. അകത്ത് കയറി കുഞ്ഞിനെ കണ്ടപ്പോൾ ഉറങ്ങുകയാണെന്നാ വിചാരിച്ചത്. ഞാനെടുത്തവനെ ഉയർത്തിയപ്പോൾ ഹൊ! തളർന്നു പോയി..." വിതുമ്പലടക്കിക്കൊണ്ടാണ് കമലുദ്ദീൻ പറയുന്നത്. എന്നും ഉപ്പ കുളിപ്പിച്ചാൽ മതിയെന്നു പറയും അന്ന് അമ്മ കുളിപ്പിച്ചാൽ മതിയെന്നു പറഞ്ഞു. എനിക്കവന്റെ മയ്യത്ത് കുളിപ്പിക്കാനായിരുന്നല്ലോ വിധി- തലയിൽ കൈവച്ച് ആ മനുഷ്യൻ കരയുന്നു.

'നന്ദനം' നിശബ്ദമായിട്ട് ഒരാണ്ടായി. കുഞ്ഞാറ്റയുടെ ചിരി അവൾക്കൊപ്പം മാഞ്ഞു പോയപ്പോൾ അച്ഛൻ ബൈജുവും അമ്മ സിനിയും സങ്കടക്കടലിൽ വീണു പോവുകയായിരുന്നു. ആർഷയെന്നായിരുന്നു സ്കൂളിലെ അവളുടെ പേര്. പഠിക്കാൻ മിടുക്കി. കിലുകിലാ സംസാരിക്കും. മറ്റൊരു സ്കൂളിൽ അഡ്മിഷനൊക്കെ ശരിയാക്കിയപ്പോഴാണ് ഈ കുരുന്നിനെ മരണം തട്ടിയെടുത്തത്. വീട്ടിലെ അവളുടെ ചിരിക്കുന്ന ഫോട്ടോ ഒന്നു നോക്കിയതേയുള്ളൂ സിനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഓർമ്മകൾ ഇരച്ചെത്തിയപ്പോൾ ബൈജുവിനും പിടിച്ചു നിൽക്കാനായില്ല.

ദുരന്തത്തിൽ മരിച്ചവരുടെ ഉറ്റവർക്ക് സർക്കാർ അടിയന്തരമായി രണ്ടു ലക്ഷം രൂപ വീതം നൽകി. എത്ര ലക്ഷം നൽകിയാലും ഞങ്ങൾക്ക് കുഞ്ഞാറ്റയെ കിട്ടുമോ? അവളുടെ ചിരി കാണാൻ കഴിയുമോ? - നെഞ്ചിൽ തറയ്ക്കുന്ന വേദനയുമായി ബൈജു ചോദിക്കുന്നു.

ആർഷയുടെ ബെസ്റ്റ് ഫ്രണ്ടായിരുന്നു റാസിക്ക്. അയൽവാസിയും ബന്ധുവുമായ ഇർഫാനുമൊത്താണ് അന്നും സ്കൂൾ വാനിൽ കയറിയത്. മരണം റാസിക്കിനെ തട്ടിയെടുത്തപ്പോൾ ജീവിതത്തിലേക്ക് തിരിച്ചു വരാനുള്ള പോരാട്ടത്തിലാണ് ഇർഫാൻ. ടാറ്റാ പറഞ്ഞു പോയ പൊന്നുമകന്റെ ചിത്രം കണ്ണിനു മുന്നിൽ ഇപ്പോഴും ഉണ്ട് എന്നു പറഞ്ഞ് തുടങ്ങിയപ്പോൾ തന്നെ ഉമ്മ ഷിമ്മി കരഞ്ഞു. മകന്റെ വേർപാട് അറിഞ്ഞ് ഗൾഫിൽ നിന്നെത്തിയ ബാപ്പ അബ്ദുൾ സമദിന് പിന്നീട് തിരികെ പോകാൻ തോന്നിയിട്ടില്ല. ആകെ തകർന്നു പോയിരിക്കുന്നു.

സ്വന്തമായി ഉണ്ടായിരുന്ന ഓട്ടോയും വിറ്റ് ഒന്നര ലക്ഷം രൂപ കടവും വാങ്ങിയാണ് കുമാർ ഗൾഫിൽ പോയത്. സ്വന്തമായി ഒരു വീട് എന്ന മകൻ അച്ചുവിന്റെ ആഗ്രഹം സാധിക്കണം. മകന്റെ ഭാവിക്കായി എന്തെങ്കിലും കരുതണം ഇതൊക്കെയായിരുന്നു ലക്ഷ്യം. ആറാം മാസം ദുരന്ത വാർത്ത കുമാറിനെ തേടിയെത്തി. പിന്നെ എല്ലാം ഇട്ടെറിഞ്ഞിങ്ങ് പോരുകയായിരുന്നു.

"എന്റെ മോനായിരുന്നു എനിക്കെല്ലാം. അവൻ പോയി..." കുമാർ കൈകൾ മലർത്തിക്കൊണ്ട് പറയുന്നു. ഇപ്പോഴും ഒരു കടക്കാരനാണ് കുമാർ. മകൻ നഷ്ടപ്പെട്ട ദുഃഖത്തിൽ നിന്നും ഇനി കരകയറിയിട്ടില്ല ഭാര്യ ശ്രീജയും.

മാളവികയുടെ ചിത്രം നോക്കുന്ന മാത്രയിൽ പൊട്ടിക്കരഞ്ഞു പോകും അമ്മ അഞ്ജ്ജലിയും അച്ഛൻ ഗണേഷും. അവളുടെ കുസൃതി മുഴുവൻ ആ ഫോട്ടോയിലുണ്ട്. മകളുടെ വേർപാടിനു ശേഷം കപ്പലിലെ ജോലി ഗണേഷ് ഉപേക്ഷിക്കുകയായിരുന്നു.

എന്റെ കുഞ്ഞുമോൻ ഉജ്ജ്വലിനെ ഉൾപ്പെടെ ആറു കുട്ടികളെ കൊന്നവർക്കെതിരെ എന്തു നടപടിയാണ് സർക്കാർ എടുത്തത്? - ദുരന്തത്തിൽ മരിച്ച ഉജ്ജ്വലിന്റെ അപ്പൂപ്പൻ സുകുമാരൻ രോക്ഷം കൊള്ളുകയാണ്.

ഇവിടെ നിന്ന് കുഞ്ഞിനെ കയറ്റിക്കൊണ്ടു പോയി അഞ്ചു മിനിട്ടു കഴിയും മുമ്പെ ആറ്റിൽ സ്കൂൾ വാൻ വീണു. അപ്പോൾ എത്രത്തോളം സ്പീഡിലാണവൻ വണ്ടി ഓടിച്ചത്. 50 കഴിഞ്ഞ നല്ലൊരു ഡ്രൈവറെ മാറ്റിയിട്ടാണ് ഒരു പയ്യനെ സ്കൂളുകാർ നിയമിച്ചത്. എന്നിട്ട് സ്കൂൾ മാനേജ്മെന്റിനെതിരെ എന്തു നടപടിയെടുത്തു. പൂട്ടിയ സ്കൂൾ തുറക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. അവരെയൊക്ക പിടിച്ച് ജയിലിലടയ്ക്കുകയാണ് വേണ്ടത്- സുകുമാരൻ പറഞ്ഞു.

ഇതൊക്കെ കേൾക്കുമ്പോഴും തൊട്ടടുത്ത മുറയിലിരുന്ന് തേങ്ങുകയാണ് അമ്മ രൂപ. സമീപത്തു തന്നെ നിന്ന് കണ്ണീർ തുടയ്ക്കുന്ന അമ്മൂമ്മ വനജ.

ഇവരെയൊക്കെ ഇനി എന്തു പറഞ്ഞ് ആശ്വസിപ്പിക്കും. ആർക്കാണിവരുടെ കണ്ണുനീർ തുടയ്ക്കാൻ കഴിയുക.

# പാസ്പോർട്ടിന് ഇനി ക്യൂ നിൽക്കേണ്ട

**പാസ്പോർട്ട് സംബന്ധമായ ജോലികൾ എളുപ്പമാക്കി ജനങ്ങൾക്ക് വളരെ വേഗത്തിൽ, യഥാസമയത്ത് സേവനം ലഭ്യമാക്കുകയാണ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് പാസ്പോർട്ട് ഓഫീസർ പി.വി. മാത്യു പറയുന്നു**



പി.വി. മാത്യു

## ഓൺലൈനിൽ അപേക്ഷിക്കാൻ

www.passportindia.gov.in എന്ന വെബ്സൈറ്റിൽ പുതിയതായി യൂസർ ഐഡിയും പാസ്‌വേർഡും നൽകി ലോഗിൻ ചെയ്യുക. ലോഗിൻ ചെയ്ത് കഴിഞ്ഞാൽ വരുന്ന ആപ്ളിക്കേഷൻ ഫോം പൂരിപ്പിച്ചു നൽകണം. ആപ്ളിക്കേഷൻ സമർപ്പിച്ചു കഴിഞ്ഞാൽ 10 അക്കമുള്ള ആപ്ളിക്കേഷൻ റഫറൻസ് നമ്പർ ലഭിക്കും. തുടർന്ന് മാനേജ് അപ്പോയിന്റ്മെന്റ് എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് അപ്പോയിന്റ്മെന്റിനുള്ള ദിവസവും സമയവും നൽകാം. ഈ അപ്പോയിന്റ്മെന്റ് ഷീറ്റിന്റെ പ്രിന്റ് ഔട്ടുമായി വേണം പാസ്പോർട്ട് സേവാ കേന്ദ്രത്തിലെത്താൻ. ഒപ്പം എല്ലാ ഡോക്യുമെന്റിന്റെയും ഒറിജിനലും ഫോട്ടോസ്റ്റാറ്റ് കോപ്പിയും കരുതണം.

**വേണി നാഥ്**

പാസ്പോർട്ട് ഓഫീസിനു മുന്നിൽ രാവിലെ മുതൽ വൈകുന്നേരം വരെ ക്യൂ നിന്നതൊക്കെ ഇനി പഴയ കഥ. ഹൈടെക് സേവനങ്ങളുമായി പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ ഒരുങ്ങിക്കഴിഞ്ഞു.

മിനിസ്ട്രി ഒഫ് എക്സ്റ്റേണൽ അഫയേഴ്സ് ടാറ്റ കൺസൾട്ടൻസിയുമായി ചേർന്നാണ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്. പാസ്പോർട്ടിനായി സമർപ്പിക്കുന്ന പുതിയ അപേക്ഷകളെല്ലാം സ്വീകരിക്കുന്നത് ഇനി പാസ്പോർട്ട് സേവാ കേന്ദ്രങ്ങളായിരിക്കും.

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിനു കീഴിൽ വഴുതക്കാട്, നെയ്യാറ്റിൻകര, കൊല്ലം എന്നിവിടങ്ങളിലായി മൂന്ന് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളാണ് ഉള്ളത്. ഇതിൽ നെയ്യാറ്റിൻകരയിലെ സേവാ കേന്ദ്രം ഒഴികെ മറ്റ് രണ്ടു കേന്ദ്രങ്ങളും ജനുവരി മുതൽ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. പാസ്പോർട്ട് സംബന്ധമായ ജോലികൾ എളുപ്പമാക്കി ജനങ്ങൾക്ക് വളരെ വേഗത്തിൽ, യഥാസമയത്ത് സേവനം ലഭ്യമാക്കുകയാണ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് പാസ്പോർട്ട് ഓഫീസർ പി.വി. മാത്യു പറയുന്നു. പുതിയതായി എത്തുന്ന ആപ്ലിക്കേഷനുകളെല്ലാം സ്വീകരിക്കുന്നത് ഇനി മുതൽ പാസ്പോർട്ട് സേവാ കേന്ദ്രങ്ങളിലാണെന്നും അവിടെ നിന്ന് കൂടുതൽ ക്ലിയറൻസ് ആവശ്യമുള്ളവയോ, സ്പെഷ്യൽ കേസായി വരുന്നവയോ മാത്രമേ റീജിയണൽ ഓഫീസുകളിൽ പരിശോധിക്കുകയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ പ്രവർത്തിച്ചു തുടങ്ങിയതോടെ പാസ്പോർട്ട് നടപടികളെല്ലാം ഇപ്പോൾ വളരെ വേഗത്തിലാണ്. മുൻപ് പൊലീസ് വെരിഫിക്കേഷനു ശേഷം 10 ദിവസമെങ്കിലും കഴിഞ്ഞാണ് പാസ്പോർട്ട് ലഭിച്ചിരുന്നതെങ്കിൽ സേവാ കേന്ദ്രം വന്നതോടെ അത് 3 ദിവസമായി ചുരുങ്ങി. www.passportindia.gov.in എന്ന പുതിയ വൈബ്സൈറ്റ് അഡ്രസിൽ വേണം ഓൺലൈനിൽ അപേക്ഷ അയയ്ക്കാൻ.

### പ്രവർത്തനം ഇങ്ങനെ

ഊഴവും കാത്ത് പാസ്പോർട്ട് ഓഫീസിനു മുന്നിൽ കാത്തു കെട്ടി കിടക്കണ്ട എന്നതാണ് സേവാ കേന്ദ്രങ്ങൾ കൊണ്ടുള്ള പ്രധാനഗുണം. ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ ഒരു റഫറൻസ് നമ്പരും പാസ്പോർട്ട് സവാ കേന്ദ്രത്തിൽ എത്താനുള്ള ദിവസവും സമയവും നിങ്ങൾക്ക് ലഭിക്കും. നിങ്ങൾക്ക് സൗകര്യമുള്ള ദിവസവും സമയവും നോക്കി അപ്പോയിന്റ്മെന്റ് എടുക്കാം. അപ്പോയിന്റ്മെന്റ് ലഭിച്ച ദിവസം, പറഞ്ഞിരിക്കുന്ന സമയത്തിനു അര മണിക്കൂർ മുൻപായി പാസ്പോർട്ട് സേവാ കേന്ദ്രത്തിലെത്തണം.

പുറത്തെ പരിശോധന കഴിഞ്ഞ് ഉള്ളിലെത്തിയാൽ നിങ്ങളെ സഹായിക്കാൻ ഫ്ളോർ മാനേജർമാർ ഉണ്ടാകും. അകത്തെത്തി ടോക്കൺ എടുത്തു കഴിഞ്ഞാൽ ഓരോ കൗണ്ടറിലേക്കും ടോക്കൺ വിളിക്കുന്നതിനനുസരിച്ച് എത്തിയാൽ മതി. അപേക്ഷകന്റെ ഫോട്ടോ എടുക്കാനും ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കാനും 13 ബയോമെട്രിക് കൗണ്ടറുകൾ ഉണ്ടിവിടെ. അപേക്ഷ സംബന്ധിച്ച കൃത്യമായ വിവരം അന്നു തന്നെ അറിയാൻ കഴിയുമെന്നതാണ് ഇവിടത്തെ പ്രധാന പ്രത്യേകത.

പൊതുജനങ്ങൾക്കായി മികച്ച സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടിവിടെ. ഫ്രഷ് റൂം, കുട്ടികളുമായി വരുന്നവർക്ക് ബേബി കെയർ റൂം, സ്നാക്സ് ബാർ തുടങ്ങിയവ ഓഫീസിനുള്ളിൽ സജ്ജീകരിച്ചിട്ടുണ്ട്.

ജനങ്ങൾക്ക് മികച്ച സേവനമാണ് ലക്ഷ്യമിടുന്നതെന്നും അതനുസരിച്ചുള്ള നല്ല ഫീഡ്ബാക്ക് ലഭിക്കുന്നുണ്ടെന്നും സേവാ കേന്ദ്രം അസിസ്റ്റന്റ് പാസ്പോർട്ട് ഓഫീസർ സുലോചനൻ കാണി പറയുന്നു.

തിങ്കൾ മുതൽ വെള്ളി വരെ 9 മണി മുതൽ 5. 30 വരെയാണ് പ്രവർത്തന സമയം. 9 മുതൽ 4 വരെ ടോക്കൺ സമയവും.




വഴുതക്കാട്ടെ പാസ്പോർട്ട് സേവാ കേന്ദ്രം

താഴെ ഓഫീസിനുൾവശം





**ഞാണിന്മേൽ കളി**

*തെർമ്മോക്കോൾ പെട്ടി സൈക്കിളിൽ കെട്ടിവച്ച് യാത്രചെയ്യുന്നയാൾ. അമ്പലത്തറയിൽ നിന്നുള്ള ദൃശ്യം ഫോട്ടോ: ബി. സുമേഷ്*

# "പ്രിയതമാ, പ്രിയതമാ പ്രണയലേഖനം എങ്ങനെയെഴുതണം, മുനികുമാരികയല്ലേ

**കെ.പി. കൈലാസ്നാഥ്**

തിരുവനന്തപുരം: "പ്രിയതമാ, പ്രിയതമാ പ്രണയലേഖനം എങ്ങിനെയെഴുതണം, മുനികുമാരികയല്ലേ ..." വാലന്റൈൻ ദിനത്തിനടുത്ത ദിവസം സെക്രട്ടേറിയറ്റ് ജീവനക്കാർ പഴയ പ്രണയഗാനങ്ങൾ പാടിയപ്പോൾ കേട്ടവർക്കും പാടിയവർക്കും അത് കൗമാര പ്രായത്തിലെ സ്മരണകളിലേക്കുള്ള തിരിച്ചുപോക്കായി.

സെക്രട്ടേറിയറ്റ് ജീവനക്കാരുടെ കൂട്ടായ്മയായ പാട്ടുകൂട്ടത്തിന്റെ പ്രതിമാസ പരിപാടിയിൽ ഇത്തവണ പ്രണയഗാനങ്ങളായിരുന്നു പാടിയിരുന്നത്. എല്ലാ മലയാളമാസവും ഒന്നാംതിയതിയായിരുന്നു പാട്ടുകൂട്ടം നടക്കാറുണ്ടായിരുന്നത്. കുംഭം ഒന്നാം തിയതി തന്നെയായിരുന്നു പ്രണയദിനവും വന്നത്. പക്ഷേ ഹാൾ കിട്ടാഞ്ഞതുകാരണം ഇന്നലത്തേക്ക് മാറ്റി. പാട്ടുകൂട്ടം സംഘാടകനായ റിട്ട. ജോയിന്റ് സെക്രട്ടറി ഗോകുലദാസ് പറഞ്ഞു.

പ്രണയിക്കാൻ അവസരം കിട്ടാത്ത നിർഭാഗ്യവാന്മാർ ആരും ഈ ഹാളിൽ ഉണ്ടാവില്ലെന്ന വിശ്വാസമാണെങ്കിലും പ്രണയത്തിനും പ്രണയഗാനത്തിനും ഒരു പ്രത്യേക മാസവും ദിവസവും വേണ്ടെന്ന പക്ഷക്കാരായിരുന്നു സംഘാടകർ.

സെക്രട്ടേറിയറ്റിലെ ഫയലുകൾക്കിടയിൽ ജീവിതത്തിന്റെ മൃദുല താളങ്ങളെല്ലാം മറന്ന അവർ പക്ഷേ ഉച്ചയുടെ ഇടവേളയിൽ ഹൃദ്യമായി പാടി. ഓർക്കസ്ട്ര ഇല്ലാതെ, കീബോർഡും ഡ്രം സെറ്റും റിഥം ബോർഡുമില്ലാതെ. പാട്ടിന്റെ സാഹിത്യ ഭംഗിയും ലാളിത്യവും പാടുമ്പോഴും കേൾക്കുമ്പോഴും ഉൾക്കൊള്ളണമെങ്കിൽ ഈ ബഹളങ്ങളൊന്നുമില്ലെങ്കിലാണ് നല്ലതെന്നായിരുന്നു അവരുടെ അഭിപ്രായം.

55-ാം മാസത്തിലേക്ക് പാട്ടുകൂട്ടം കടന്നപ്പോൾ ഒരു മാസം പോലും മുടങ്ങിയില്ല എന്ന ചാരിതാർത്ഥ്യം സംഘാടകർക്കുണ്ടായിരുന്നു. പ്യൂൺ മുതൽ സീനിയർമാരായ അഡിഷണൽ സെക്രട്ടറിമാർ വരെ പാട്ടുകൂട്ടത്തിലുണ്ട്. പാടുന്നവരിലും പാട്ടുകേൾക്കുന്നവരിലും.

> **സെക്രട്ടേറിയറ്റിലെ ഫയലുകൾക്കിടയിൽ ജീവിതത്തിന്റെ മൃദുല താളങ്ങളെല്ലാം മറന്നവർ ഉച്ചയുടെ ഇടവേളയിൽ ഹൃദ്യമായി പാടി**

പാടുന്നവരിൽ മിക്കവരും ശാസ്ത്രീയ സംഗീതമൊന്നും പഠിച്ചവരായിരുന്നില്ല. പിന്നണി ഗായികയായ എൽ.പ്രമീളയും റിയാലിറ്റി ഷോകളിൽ പങ്കെടുക്കുന്ന ഡാനിയുമൊഴിച്ചാൽ എല്ലാവരും സാധാരണക്കാർ. പക്ഷേ എല്ലാവരും ശരാശരിയെക്കാൾ നന്നായി പാടുന്നു.

ഒരു പുഷ്പം മാത്രമെൻ പൂങ്കുലയിൽ നിർത്താം ഞാൻ എന്ന് ഡാനിയും മുഖ്യമന്ത്രിയുടെ ഓഫീസിലെ അഡി. സെക്രട്ടറിയായ ജയചന്ദ്രൻ സുറുമിയെഴുതിയ മിഴികളെ പ്രണയമധുര തേൻതുളുമ്പും... എന്ന പാട്ടും പാടിയപ്പോൾ സദസ്സിൽ നിറഞ്ഞ കൈയടി. ഇടുക്കിക്കാരൻ വിനോദിന് തന്റെ തമിഴ് വേരുകൾ മറക്കാൻ കഴിയുമായിരുന്നില്ല. തിരുമകനേ, തിരുമകനേ എന്ന തമിഴ് സിനിമാ ഗാനം പാടിയപ്പോൾ അത് സദസ്സിന് നന്നായി രസിച്ചു. ഉറങ്ങിക്കിടന്ന ഹൃദയം നീ ഉമ്മവെച്ചു ഉമ്മവെച്ചു ഉണർത്തി എന്ന പാട്ടായിരുന്നു ഗോകുലദാസ് പാടിയത്.

പഴയ പാട്ടുകൾ തേടിയുള്ള ജീവനക്കാരുടെ പ്രയാണത്തിന് പാട്ടുകൂട്ടം കളമൊരുക്കുകയാണ്. ഇതൊരു സംഘടനയൊന്നുമല്ല. ഹാളിനും മൈക്കിനുമുള്ള ചെലവ് എല്ലാവരും കൂടിയെടുക്കും. യോഗങ്ങളില്ല, കമ്മിറ്റികളില്ല. പലപ്പോഴും അടുത്ത പരിപാടി എന്നുവേണമെന്ന് തീരുമാനിക്കുന്നത് ഇരുന്നിട്ടായിരിക്കില്ല ഒരിടത്ത് നിന്നിട്ടായിരിക്കും ഈ കൂടിയാലോചന. ഫോണിലൂടെയും നേരിട്ടുമുള്ള ക്ഷണം. ഉച്ചയൂണ് കഴിഞ്ഞയുടനെയുള്ള ഈ പ്രതിമാസ ഒത്തുചേരലിന് സാക്ഷ്യം വഹിക്കുന്നത് വൈ.എം.സി.എ ഹാളും. റിട്ടയർ ചെയ്തിട്ടും സെക്രട്ടേറിയറ്റിനെ വിടാത്ത ഗോകുലദാസ് എപ്പോഴും മുന്നിലുണ്ടാവും.

# 40 കോടിയുടെ തട്ടിപ്പ്

## അന്വേഷണം അട്ടിമറിച്ചു

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: കരമന കേന്ദ്രമാക്കി ടോട്ടൽ ഫോർ യു തട്ടിപ്പ് മാതൃകയിൽ ഏകദേശം 40 കോടിയോളം രൂപ തട്ടിയെടുത്ത സംഭവത്തിന്റെ അന്വേഷണം മരവിപ്പിച്ചു.

കരമന പൊലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ഈ തട്ടിപ്പ് സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കി കേസ് രജിസ്റ്റർ ചെയ്ത ശേഷം അന്വേഷണം അട്ടിമറിച്ചതിനു പിന്നിൽ ഉന്നത രാഷ്ട്രീയ ഇടപെടലുണ്ടെന്ന് ആരോപണം ഉയർന്നു. സർക്കാർ സർവീസിൽ നിന്ന് ഉന്നത തസ്തികകളിൽ വിരമിച്ചവരും വിദേശ മലയാളികളുമാണ് തട്ടിപ്പിനിരയായവരിൽ അധികവും. തട്ടിപ്പ് സംബന്ധിച്ച് ഉന്നത പൊലീസ് ഉദ്യോഗസ്ഥർക്കും കരമന പൊലീസിനും നൽകിയ പരാതിയാണ് ഒരു അന്വേഷണവും നടത്താതെ പൊലീസ് ഉദ്യോഗസ്ഥർ പൂഴ്ത്തിവച്ചിരിക്കുന്നത്.

കിള്ളിപ്പാലം ആസ്ഥാനമായി രൂപീകൃതമായ ഓറിയന്റ് എക്സ്പോർട്ട് ആൻഡ് ഇംപോർട്ട് എന്ന സ്ഥാപനത്തിന്റെ പേരിലാണ് കോടികളുടെ തട്ടിപ്പ് അരങ്ങേറിയതെന്നാണ് പരാതിയിലുള്ളത്. സർക്കാർ സർവീസിൽ നിന്ന് വിരമിച്ചവരിൽ നിന്നും വിദേശത്തുനിന്ന് മടങ്ങിയെത്തിയവരിൽ നിന്നും ലക്ഷങ്ങളാണ് ഈ സ്ഥാപനത്തിന്റെ പേരിൽ തട്ടിയെടുക്കപ്പെട്ടിരിക്കുന്നത്.

ഏകദേശം 2003 മുതലാണ് ഈ സ്ഥാപനം ഏജന്റുമാർ മുഖേന ആളുകളെ സമീപിച്ച് വൻതുകകൾ കൈപ്പറ്റിയത്. ദീർഘകാല നിക്ഷേപങ്ങൾക്ക് 10 ശതമാനം വാർഷിക പലിശ നൽകാമെന്നും ആവശ്യപ്പെടുമ്പോൾ തിരികെ നൽകാമെന്നും മോഹനവാഗ്ദാനം ചെയ്തായിരുന്നു തട്ടിപ്പ്. എന്നാൽ കാലാവധി കഴിഞ്ഞ് നിക്ഷേപ സർട്ടിഫിക്കറ്റുമായി ഉടമകളെ സമീപിച്ചപ്പോഴാണ് കമ്പനിയുടെ തനിനിറം പുറത്തായത്. ആദ്യം നാളെ തരാമെന്നും അതു കഴിഞ്ഞ് പിന്നെ തരാമെന്നും പറഞ്ഞ ഉടമകൾ പിന്നീട് കമ്പനി നഷ്ടത്തിലാണെന്നു പറഞ്ഞ് കൈമലർത്തുകയായിരുന്നു. പള്ളിച്ചൽ സ്വദേശിയായ ഒരു ട്രഷറിയിലെ റിട്ടയേർഡ് സൂപ്രണ്ടിന് നിക്ഷേപിച്ച 33 ലക്ഷം രൂപയാണ് നഷ്ടപ്പെട്ടത്. ഇതു സംബന്ധിച്ച് പൊലീസിൽ പരാതി നൽകി. തുടർന്ന് കരമന പൊലിസ് എഫ്. ഐ. ആർ തയ്യാറാക്കി കേസെടുത്തെങ്കിലും പൊലിസിന്റെ കൺമുന്നിലൂടെ സദാ കറങ്ങി നടക്കുന്ന പ്രതികളെ പിടികൂടുന്നില്ലെന്ന് ഇവർ പറയുന്നു.

തൈക്കാട് സ്വദേശിയായ ഒരാൾക്ക് 4.30 ലക്ഷം രൂപയാണ് കമ്പനിയിൽ നിക്ഷേപിച്ച് നഷ്ടമായത്. നിരവധി തവണ തുക മടക്കി നൽകണമെന്നാവശ്യപ്പെട്ട് ഇദ്ദേഹം കമ്പനിയെ സമീപിച്ചെങ്കിലും പിന്നീട് തരാമെന്ന് ആദ്യം വാക്കു പറഞ്ഞ കമ്പനി തുടർന്ന് വാക്കു പാലിച്ചില്ല.

ഉള്ളൂർ സ്വദേശികളായ ഒരു കുടുംബത്തിലെ മൂന്നു പേർ ചേർന്ന് നടത്തിയ നിക്ഷേപത്തിന് പലിശയടക്കം നൽകേണ്ടത് 87 ലക്ഷം രൂപയാണ്. ഇവരെയും കമ്പനി ഉടമകൾ ചതിയിൽപ്പെടുത്തി. കന്യാകുമാരി സ്വദേശിയും ഇപ്പോൾ കുടപ്പനക്കുന്നിൽ സ്ഥിരതാമസമാക്കുകയും ചെയ്ത ഒരു എൽ. ഐ. സി ഏജന്റിൽ നിന്ന് 2.3 ലക്ഷം രൂപ തട്ടിയെടുത്തതു സംബന്ധിച്ച പരാതിയും കരമന പൊലിസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതടക്കം നിരവധി പേർക്ക് പണം നഷ്ടപ്പെടുകയും പരാതിപ്പെടുകയും ചെയ്തിട്ടും പൊലീസ് വേണ്ട നടപടിയെടുക്കാത്തതാണ് നിക്ഷേപകരിൽ സംശയം ഉയർത്തുന്നത്.

പണം പിരിച്ചെടുത്ത കരമന കുഞ്ചാലുംമൂട്ടിലെ ഓറിയന്റ് ഗ്രൂപ്പ് എന്ന സ്ഥാപനം പൂട്ടിപ്പോയെങ്കിലും പണം തട്ടിയെടുത്തവർ ഇപ്പോഴും ആഡംബര കാറുകളിൽ കറങ്ങിനടക്കുന്നതായി നിക്ഷേപകർ ആരോപിക്കുന്നു.

## വിഴിഞ്ഞം റൂട്ടിൽ യാത്രാക്ളേശം രൂക്ഷം



തിരുവനന്തപുരം: രാവിലെ സ്കൂൾ-ഓഫീസ് സമയത്ത് വിഴിഞ്ഞം ഭാഗത്തേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ കുറവെന്ന് പരാതി.

രാവിലെ എട്ടരയ്ക്കും ഒമ്പതരയ്ക്കും ഇടയിലാണ് കൂടുതൽ പ്രശ്നം. അപൂർവമായിട്ടേ ആ സമയത്ത് ഈ റൂട്ടിൽ ബസ് സർവീസുള്ളൂ. തമ്പാനൂർ സ്റ്റാൻഡിൽ യാത്രക്കാർ നെട്ടോട്ടമാണ്. സർവീസ് നടത്തുന്ന ബസ് തന്നെ തിരുവല്ലത്തു ചെന്ന് പാച്ചല്ലൂർ വഴി കറങ്ങിയേ പോവുകയുള്ളൂ. തിരുവല്ലത്തുനിന്ന് ബൈപാസ് വഴി നേരിട്ട് വിഴിഞ്ഞത്തേക്ക് സർവീസ് വേണമെന്ന് യാത്രക്കാർ മുറവിളി കൂട്ടുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. അധികൃതർ കണ്ടതായി ഭാവിക്കുന്നില്ല.




# ബ്യൂട്ടിഫുൾ റീമേക്ക് ചെയ്യുന്നു

അനൂപ് മേനോനും ജയസൂര്യയും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച ബ്യൂട്ടിഫുൾ മൂന്നു ഭാഷകളിലായി റീമേക്കിന് ഒരുങ്ങുന്നു. ഹൈദരാബാദിലെ പ്രശസ്തമായ പ്രൊഡക്ഷൻ കമ്പനി ചിത്രത്തിന്റെ തമിഴ്, തെലുങ്ക്, കന്നട റീമേക്കിനായുള്ള റൈറ്റ്സ് വാങ്ങിയതായി പ്രൊഡ്യൂസർ ആനന്ദ്കുമാർ പറഞ്ഞു. മറ്റ് ചില ഭാഷകളിലേക്ക് കൂടി റീമേക്കിന് ഉദ്ദേശിക്കുന്നുണ്ടെന്നും അങ്ങനെയെങ്കിൽ ഏറ്റവും കൂടുതൽ ഭാഷകളിലായി റീമേക്ക് ചെയ്യുന്ന ആദ്യത്തെ മലയാള ചിത്രമായിരിക്കും ബ്യൂട്ടിഫുളെന്നും ഇദ്ദേഹം പറയുന്നു.


ദിലീപ്

# ദിലീപ് വീണ്ടും ഡബിൾ റോളിൽ

കുഞ്ഞിക്കൂനൻ, പച്ചക്കുതിര എന്നീ ചിത്രങ്ങൾക്ക് ശേഷം ദിലീപ് വീണ്ടും ഡബിൾ റോളിലെത്തുന്നു. തോംസൺ സംവിധാനം ചെയ്യുന്ന തിരുട്ടു റാസ്കൽ എന്ന ചിത്രത്തിലാണ് ദിലീപ് ഇരട്ട വേഷത്തിലെത്തുന്നത്. ദിലീപ് നായകനായ കാര്യസ്ഥൻ എന്ന സിനിമയുടെ സംവിധായകനും തോംസൺ ആയിരുന്നു. സിബി-ഉദയ്കൃഷ്ണ ടീമിന്റേതാണ് തിരുട്ടു റാസ്കലിന്റെ തിരക്കഥ.

# വിജയങ്ങൾ തുടരുന്നു

**മനോജ് വിജയരാജ്**

മാധവൻകുട്ടിയെക്കുറിച്ച് മികച്ച അഭിപ്രായം കേൾക്കുമ്പോൾ സന്തോഷം തോന്നുന്നു. സാധാരണക്കാരായ കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ എന്നുമെനിക്കിഷ്ടമാണ്. കഥാപാത്രത്തോടുള്ള സമീപനം ക്ളിക്കായതിന്റെ തെളിവാണ് പ്രേക്ഷകരുടെ വാക്കുകൾ. തീർച്ചയായും എന്റെ മികച്ച കഥാപാത്രങ്ങളിൽ ഒന്നായിരിക്കും മാധവൻകുട്ടി.

കുമാർനന്ദ സംവിധാനം ചെയ്ത 'മുല്ലശ്ശേരി മാധവൻകുട്ടി നേമം പി.ഒ' എന്ന സിനിമയിൽ അനൂപ് മേനോൻ ടൈറ്റിൽ കഥാപാത്രമായി നിറഞ്ഞു നിൽക്കുന്നു എന്ന അഭിപ്രായം ഉയരുമ്പോഴാണ് 'മാധവൻകുട്ടിയെ' കണ്ടത്.

**മുണ്ടും ഷർട്ടുമാണ് വേഷം. മനസ്സു നിറയെ നന്മ. ഫ്രെയിം ടു ഫ്രെയിം നിറഞ്ഞു നിന്നു?**

അങ്ങനെ കേൾക്കുമ്പോൾ ഒത്തിരി സന്തോഷമുണ്ട്. നല്ലൊരു സിനിമയ്ക്കായുള്ള ടീം വർക്കുണ്ടായിരുന്നു. സത്യസന്ധമായി കഥപറയുന്ന സിനിമയാകണമെന്ന് ഞാനും നിർമ്മാതാവ് ചന്ദ്രേട്ടനും സംവിധായകൻ കുമാർനന്ദയും തിരക്കഥാകൃത്ത് സ്വാതി ഭാസ്കറും ആഗ്രഹിച്ചു. മാധവൻകുട്ടിയുടെ ജീവിതത്തിൽ സംഭവിച്ചത് ഏത് സാധാരണക്കാരനും നേരിടേണ്ടി വരാം. സിനിമയെന്ന മീഡിയ സ്വാധീനിക്കാത്തവരായി ആരുണ്ട്. മിനിസ്ക്രീനിൽ നിൽക്കുമ്പോൾ എന്റെ മനസ്സിൽ സിനിമയായിരുന്നു. കഥയിലെ ലിങ്കുകൾ ഞാനുമായി ചെറിയ സാദൃശ്യം തോന്നാം.

**മാധവൻകുട്ടിയെയാണ് കണ്ടതെന്ന് പലരും പറയുന്നുണ്ടല്ലോ?**

അങ്ങനെയൊക്കെ അപൂർവമായേ കേൾക്കാറുള്ളൂ. 'കോക്ടെയിലും' 'ബ്യൂട്ടിഫുളും' ചെയ്തപ്പോൾ മുമ്പിങ്ങനെ കേട്ടു. ഇപ്പോൾ വീണ്ടും കേൾക്കുന്നു. ഒത്തിരി പോസിറ്റീവ് എനർജി ലഭിക്കുന്നുണ്ട്.

**രവീന്ദ്രൻ മാഷും ഗിരീഷ് പുത്തഞ്ചേരിയും തീർത്ത പാലാഴി മനസിനെ നിറച്ചു?**

യാദൃച്ഛികമായി സംഭവിച്ചതാണ്. ചക്രം എന്ന സിനിമയ്ക്കു വേണ്ടി ഒരുക്കിയ ഗാനമായിരുന്നു ഇത്. ആ പ്രൊജക്ട് നടക്കാതെ വന്നപ്പോൾ ഈ പാട്ട് നമുക്കുൾപ്പെടുത്താമെന്ന് ഞാനാണ് പറഞ്ഞത്. പാട്ട് പ്രേക്ഷകർ നന്നായി ആസ്വദിക്കുന്നു. സംവിധായകൻ വളരെ കളർഫുളാക്കി മാറ്റി. ബ്യൂട്ടിഫുളിനു ശേഷം വീണ്ടും വിജയം സംഭവിച്ചതിന്റെ ആഹ്ളാദത്തിലാണ് ഞാൻ.


അനൂപ് മേനോൻ

ബ്യൂട്ടിഫുൾ എന്ന സിനിമയ്ക്ക് ശേഷം വീണ്ടും വിജയങ്ങളും അഭിനന്ദനങ്ങളും ലഭിക്കുന്നതിന്റെ ആഹ്ളാദമുണ്ടെന്ന് അനൂപ് മേനോൻ പറയുന്നു

2012
ഫെബ്രുവരി
16
വ്യാഴം


തൃഷ

# തൃഷ സെലക്ടീവാകുന്നു

പുതു നായികമാരുടെ വരവും മികച്ച സിനിമകൾക്ക് വേണ്ടിയുള്ള കാത്തിരിപ്പും തമിഴിൽ തൃഷയെ സെലക്ടീവാകാൻ പ്രേരിപ്പിക്കുന്നു. മങ്കാതയ്ക്ക് ശേഷം വിശാലിന്റെ ജോടിയായി സമരനിൽ മാത്രമാണ് തൃഷ കരാറായിട്ടുള്ളത്. എന്നാൽ വിവാഹം കഴിച്ച് സെറ്റിൽ ചെയ്യാൻ പോകുന്നതിന്റെ ഭാഗമായാണ് തൃഷ സെലക്ടീവാകുന്നതെന്ന വാർത്തകളും കേൾക്കുന്നുണ്ട്. എന്നാൽ മികച്ച വേഷങ്ങൾക്കായി കാത്തിരിക്കുകയാണെന്നാണ് തൃഷ നൽകുന്ന മറുപടി.


പദ്മപ്രിയ

# ടി.വി. ചന്ദ്രന്റെ ചിത്രത്തിൽ ശ്രീനിവാസൻ

ശങ്കരനും മോഹനനും ശേഷം ടി.വി.ചന്ദ്രൻ സംവിധാനം ചെയ്യുന്ന സിനിമയിൽ ശ്രീനിവാസൻ നായകൻ. അനൂപ് മേനോനാണ് മറ്റൊരു പ്രധാനതാരം. നായികയായി അഭിനയിക്കുന്നത് പദ്മപ്രിയ.


ശ്രീനിവാസൻ